നിലവിലുള്ള വികസന പദ്ധതിയോട് അടിസ്ഥാനപരമായ വ്യത്യാസമുണ്ടാക്കുന്നതിനു പകരം സുദീർഘമായ പോംവഴികൾ കണ്ടെത്താനിടയില്ലാത്ത കുറുക്കുവഴികൾ തേടാനാണ് എല്ലാവരും തയ്യാറാകുന്നത്. ആദ്യം വളർച്ചയും പിന്നെ സമത്വവും പാരിസ്ഥിതിക സമഗ്രതയും എന്ന വികസനപാത അധിക ജനസാന്ദ്രതയുള്ള ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് (പ്രത്യേകിച്ച് കേരളം) ദുർലഭമായ പ്രകൃതി- മനുഷ്യ വിഭവങ്ങൾ കാരണം അഭികാമ്യമല്ല . സുസ്ഥിര വിഭവങ്ങളിൽ ശ്രദ്ധയൂന്നി, പരിസ്ഥിതിവ്യവസ്ഥയെ പരിപോഷിപ്പിച്ചും നവീകരിച്ചും തലമുറകൾ തമ്മിലും അവക്കുള്ളിലുള്ള സമത്വത്തെ പുഷ്ടിപ്പെടുത്തിയും ഉള്ള ദീർഘകാല പരിപാടിയായ ഹരിത സമ്പദ്വ്യവസ്ഥയാണ് നമുക്ക് വേണ്ടത്.

# കേരളം ഹരിതസമ്പദ്വ്യവസ്ഥയിലേക്ക് മാറുമ്പോൾ

ഡോ.സി.ടി.എസ്. നായർ

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് രാജ്യം ഉൽക്കണ്ഠപ്പെടാൻ തുടങ്ങുന്നതിനു മുമ്പ്, വരവിലും ഉപഭോഗത്തിലും ശ്രദ്ധയൂന്നേണ്ടതിന്റെ ആവശ്യത്തെ എടുത്തുപറയുന്നവയാണ് വികസനത്തെക്കുറിച്ചുള്ള പരമ്പരാഗത ശൈലികൾ. എല്ലാം അതുപോലെത്തന്നെ എന്ന കാഴ്ചപ്പാട് ദാരിദ്രനിർമ്മാർജ്ജനത്തെ സംബന്ധിച്ചിടത്തോളം ന്യായീകരിക്കാവുന്നതാണ്. ദാരിദ്ര്യം അൽപ്പമെങ്കിലും ഇല്ലാതാക്കാൻ സാമ്പത്തിക പ്രവൃത്തികളുടെ ഭീമഭാഗത്തിനും വളരെ കുറച്ചേ കഴിയുന്നുള്ളുവെങ്കിലും പാരിസ്ഥിതികാധ:പതനത്തിന്റെ പ്രധാന കാരണങ്ങളിലൊന്നായി ദാരിദ്ര്യത്തെ ചിത്രീകരിക്കുമ്പോൾ എപ്പോഴും പറഞ്ഞുവരാറുള്ളത്, ദാരിദ്ര്യം തുടച്ചു നീക്കിയാലേ പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്താനാവുയെന്നാണ്. മിക്ക വികസ്വര രാജ്യങ്ങളുടെയും അനുഭവം വച്ച്, വളർച്ചയ്ക്കു ശേഷം കീഴോട്ട് എന്ന ശൈലി തന്നെയാണ് ഇവിടെയും അനുവർത്തിക്കുന്നത്. തൊഴിൽ ചൂഷണത്തിലേക്കും ഗുരുതരമായ പ്രകൃതി വിഭവ ശോഷണത്തിലേക്കുമാണ് ഈ ശൈലി നമ്മെ കൊണ്ടെത്തിക്കുന്നത്. ഫോസിൽ ഫ്യൂവലിന്റെ അമിതമായ ഉപയോഗവും ഇതു സംഭവിപ്പിക്കുന്നു. കാലാവസ്ഥാമാറ്റത്തിന്റെ ആവേഗം വർദ്ധിപ്പിച്ചുകൊണ്ട് കൂടിയ അളവിലുള്ള കാർബൺ എമിഷനും ഇതോടൊപ്പമുണ്ടാകുന്നു.

ഫോസിൽ ഫ്യൂവലുകളുടെ ഉപയോഗം കുറച്ച്, വീണ്ടുമുപയോഗിക്കാവുന്ന ഊർജ്ജസ്രോതസുകളിൽ അഷ്ഠിതമായ ഒരു ഹരിതപാത തിരഞ്ഞെടുക്കാൻ നമ്മളെല്ലാം നിയുക്തമാക്കപ്പെടുന്നു. എന്നാൽ എല്ലാം അതുപോലെത്തന്നെയെന്ന കാഴ്ചപ്പാടിൽ നിന്നും മാറിപ്പോകാൻ ഏറെ ക്ളേശകരമാണെന്ന് കോപ്പൻഹേഗ് വിസമ്മതം വഴി നാം കണ്ടതാണ്. മിക്കവാറും ഹരിതപ്രയത്നങ്ങളിൽ ചിലതെല്ലാം മറ്റുരാജ്യങ്ങളിലേതടക്കം മുഴുവൻ വിഭവങ്ങളുടെയും ഏകാഗ്രമായ ഉപഭോഗമാണ്. ഇവിടെയും ഒരു കമ്പോള ശൈലി സ്വീകരിക്കാൻ നിർബന്ധിതമാകുന്നു. നിലവിലുള്ള അസമത്വങ്ങളെ കൂടുതൽ രംഗത്തു കൊണ്ടുവരാനും അവയെ ശാക്തീകരിക്കാനും ഇത് വഴിയൊരുക്കുന്നു. നിലവിലുള്ള വികസന പദ്ധതിയോട് അടിസ്ഥാനപരമായ വ്യത്യാസമുണ്ടാക്കുന്നതിനു പകരം സുദീർഘമായ പോംവഴികൾ കണ്ടെത്താനിടയില്ലാത്ത കുറുക്കുവഴികൾ തേടാനാണ് എല്ലാവരും തയ്യാറാകുന്നത്.

ആദ്യം വളർച്ചയും പിന്നെ സമത്വവും പാരിസ്ഥിതിക സമഗ്രതയും എന്ന ശീലം മിക്ക രാജ്യങ്ങൾക്കും പ്രദേശങ്ങൾക്കും അനുയോജ്യമല്ല. അധിക ജനസാന്ദ്രതയുള്ള രാജ്യങ്ങൾക്കും പ്രദേശങ്ങൾക്കും(ഉദാഹരണത്തിന് ഇന്ത്യയും പ്രത്യേകിച്ച് കേരളവും) ദുർലഭമായ പ്രകൃതി- മനുഷ്യ വിഭവങ്ങൾ കാരണം ഈ വികസനപാത അഭികാമ്യമല്ല. ഇത്തരം സന്ദർഭങ്ങളിൽ സാമ്പത്തിക പുരോഗതി, സാമൂഹ്യസമത്വവും പാരിസ്ഥിതിക സമഗ്രതയുമൊക്കെയായി ഇഴചേർന്നു കിടക്കുന്നു.

കാലാവസ്ഥാമാറ്റം എല്ലാവരെയും ബാധിക്കുന്ന ഗൗരവതരമായ പാരിസ്ഥിതിക പ്രശ്നമായി മാറുന്നതോടെ ഉടനേ മറുപടി ആവശ്യപ്പെടുന്ന ഒരു പ്രതിസന്ധിഘട്ടത്തിലേക്ക് നമ്മളെല്ലാം എത്തിച്ചേർന്നിരിക്കുകയാണ്. കോപ്പൻഹേഗനിൽ കൂടിയ കാലാവസ്ഥ ഉച്ചകോടി അർത്ഥപൂർണ്ണമായ തീരുമാനങ്ങളിലെത്താൻ പരാജയപ്പെട്ടുമെങ്കിലും കാർബൺ കുറഞ്ഞ സമ്പദ്വ്യവസ്ഥ രൂപപ്പെടുത്തേണ്ടതിന്റ ആവശ്യം എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. രാഷ്ട്രീയ ചർച്ചകൾ, യഥാർത്ഥ പ്രശ്നത്തെ അവഗണിച്ചെങ്കിലും അമിത ഉപഭോഗമാണ്

പാരിസ്ഥിതിക തകർച്ചയുടെയും ഹരിതവാതക വർദ്ധനവിന്റെയും ഒന്നാമത്തെ കാരണമെന്ന് കണ്ടെത്താനും ഇവിടെ സാധിച്ചു. കാലാവസ്ഥാമാറ്റത്തെ ചെറുത്തുതോൽപ്പിക്കാനുള്ള ഉപാധിയായി ഉപഭോഗം കുറക്കൽ, അന്തർദേശീയ ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്നില്ലെങ്കിലും നവ ലിബറൽ നയങ്ങൾ ഇപ്പോഴും ഉപഭോഗം കൂട്ടാനുള്ള നിർബന്ധത്തിലാണ്. ആഗോള സാമ്പത്തിക പ്രതിസന്ധി, ഈ അമിത ഉപഭോഗത്തിന്റെ ദോഷഫലമാണെന്നിരിക്കെ തന്നെ സാമ്പത്തിക സഹായ പദ്ധതികൾ(മിക്കവാറും ഭാവിയിൽ നിന്നും കടമെടുത്തുകൊണ്ട്) സമ്പദ്‌വ്യവസ്ഥയുടെ ഉത്തേജനത്തിനായി അമിതോപഭോഗത്തെത്തന്നെയാണ് ലഭ്യമാക്കുന്നത്.

ഈ സാഹചര്യത്തിൽ വിഭവശോഷണമനുഭവപ്പെട്ട ഉപഭോഗ സമൂഹമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തെപ്പോലൊരു സംസ്ഥാനത്തിന് അനിശ്ചിതമായ ഭക്ഷ്യലഭ്യതയും ധനക്കമ്മി സാധ്യതയും പോലുള്ള ബാഹ്യ സമ്മർദ്ദങ്ങളെ കുറച്ചുകൊണ്ട് സുസ്ഥിരമായ ഒരു ഹരിത പാത എങ്ങനെ പരിപോഷിപ്പിച്ചെടുക്കാം എന്ന വിശാലമായ ചർച്ചകൾക്ക് ഇപ്പോൾ പ്രസക്തിയുണ്ട്.

**ഹരിത സമ്പദ്‌വ്യവസ്ഥ അർത്ഥമാക്കുന്നതെന്ത്?**

സുസ്ഥിര വിഭവങ്ങളിൽ ശ്രദ്ധയൂന്നി, പരിസ്ഥിതിവ്യവസ്ഥയെ പരിപോഷിപ്പിച്ചും നവീകരിച്ചും തലമുറകൾ തമ്മിലും അവക്കുള്ളിലുള്ള സമത്വത്തെ പുഷ്ടിപ്പെടുത്തിയും ഉള്ള ദീർഘകാല പരിപാടിയാണ് ഹരിത സമ്പദ്‌വ്യവസ്ഥ കൊണ്ട് അർത്ഥമാക്കുന്നത്.

ജനങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ പ്രാഥമികാവശ്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് പരമാവധി സ്വാതന്ത്ര്യം അത് പ്രദാനം ചെയ്യുന്നു. ഹരിത വ്യവസ്ഥയുടെ ചില സവിശേഷതകൾ താഴെപ്പറയുന്നു.

1. ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ കൂടാതെ സാമൂഹ്യവും സാംസ്കാരികവുമായ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ അത് നേടിത്തരുന്നു.
2. സാമൂഹ്യസമത്വം പുഷ്ടിപ്പെടുന്നതോടൊപ്പം എല്ലാ പൗരന്മാർക്കും തുല്യമായ സാധ്യതകൾ തുറന്നുകൊടുത്ത് അസമത്വങ്ങളിൽ കാര്യമായ കുറവു തന്നെ അതു കൊണ്ടുവരുന്നു.
3. ജനങ്ങളുടെ ആയുർദൈർഘ്യം കൂട്ടിയും ജീവിതത്തിന്റെ സമ്പുഷ്ടതയെ ഉത്തേജിപ്പിച്ചും അത് ആരോഗ്യനിലയിൽ കാര്യമായ പുരോഗതിയുണ്ടാക്കുന്നു.
4. പരിസ്ഥിത സമ്പ്രദായങ്ങൾ നവീകരിച്ച് വെള്ളം, വായു, എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു.
5. മറ്റു രാജ്യങ്ങളിലെ/ പ്രദേശങ്ങളിലെ ജനങ്ങളുടെ സാമൂഹ്യ പരിസ്ഥിതി ഘടകങ്ങളിൽ അത് പാർശ്വഫലങ്ങൾ ഉണ്ടാകുന്നില്ല.
6. നിലനിൽക്കാനാകാത്ത ഊർജ്ജ സ്രോതസുകളുടെ ഉപയോഗം കുറക്കുകയോ ഇല്ലാതാക്കുകയോ ചെയ്ത് കാർബൺ എമിഷൻ കുറഞ്ഞ നിഷ്പക്ഷ വ്യവസ്ഥ പ്രദാനം ചെയ്യുന്നു.

**അടിസ്ഥാന- അടിസ്ഥാനേതര വസ്തുക്കളുടെ നിർവചനം**

ഹരിത സാമ്പത്തിക വ്യവസ്ഥ വികസിപ്പിക്കാനൊരുങ്ങുമ്പോൾ നാം നേരിടുന്ന രണ്ട് പ്രധാന ചോദ്യങ്ങൾ ഇവയാണ്.

1. എന്തൊക്കെ വസ്തുക്കളും സേവനങ്ങളുമാണം, ആരിൽ നിന്നുമൊക്കെയാണ് നാം ഉൽപ്പാദിപ്പിക്കുന്നത്?
2. എങ്ങനെയൊക്കെയാണ് അവ ഉൽപ്പാദിപ്പിക്കപ്പെടുന്നത്, ഉപഭോഗം ചെയ്യപ്പെടുന്നത്?

ആരോഗ്യകരമായ ജീവിതത്തിന് ഓരോ മനുഷ്യജീവിക്കും ഒരുപാട് വസ്തുക്കളും സേവനങ്ങളും ആവശ്യമുണ്ട്. ഇവയെ അടിസ്ഥാന വസ്തുക്കളെന്നു വിളിക്കാം. താഴെപ്പറയുന്നവയെല്ലാം അടിസ്ഥാനവസ്തുക്കളിൽ പെടുന്നു.

1. മിനിമം പ്രോട്ടീൻ/ കലോറി ഊർജ്ജം
2. സാമൂഹ്യ സാംസ്കാരിക ചുറ്റുപാടുകളിലേക്ക് ആവശ്യമായ വസ്ത്രങ്ങൾ
3. ഏറ്റവും അത്യാവശ്യത്തിനുള്ള പാർപ്പിടം.
4. സാമൂഹ്യസാംസ്കാരിക ഉന്നമനത്തിന് സഹായിക്കാവുന്ന ട്രാൻസ്പോർട്ട് സംവിധാനം.

മറ്റുള്ള എല്ലാ വസ്തുക്കളേയും അടിസ്ഥാനേതര വസ്തുക്കളെന്ന ഗണത്തിൽ പെടുത്താവുന്നതാണ്. സ്വർണ്ണം, വജ്രം തുടങ്ങിയ ആഭരണങ്ങളുൾപ്പെടെയുള്ള ആർഭാട വസ്തുക്കൾ, തോക്ക്, മദ്യം തുടങ്ങിയ നശീകരണ വസ്തുക്കൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഈ അടിസ്ഥാനേതര വസ്തുക്കളുടെ ഉൽപ്പാദനം, ധനസമ്പാദനമുണ്ടാക്കുമെങ്കിലും- ദരിദ്രജനവിഭാഗങ്ങളിലേക്ക് ഒരു ഭാഗമിറങ്ങിച്ചെന്ന് അവന് അടിസ്ഥാന സൗകര്യങ്ങൾ നേടാൻ സഹായിക്കുന്നു- അടിസ്ഥാന വസ്തുക്കളുടെ വിതരണത്തിൽ ഒരു പ്രതിലോമ സ്വഭാവം പ്രകടിപ്പിക്കും. ഉദാഹരണമായി സ്വർണ്ണം, വജ്രം, മാർബിൾ, കരിങ്കല്ല്, എന്നിവയുടെ കുഴിച്ചെടുക്കൽ, അടിസ്ഥാവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന കൃഷി, വനഭൂമികളെ വൈകല്യപ്പെടുത്തുകയാണ് ചെയ്യുന്നത്. പല രാജ്യങ്ങളിലും ആഭ്യന്തര സ്വത്തുക്കളുടെ മുഖ്യകാരണം ഈ വസ്തുതയാണ്.

ആർഭാട വസ്തുക്കളുടെയും നശീകരണവസ്തുക്കളുടെയും ഉൽപ്പാദനങ്ങൾ തമ്മിൽ ഗാഢബന്ധം കണ്ടെത്താനാകും. ആർഭാട വസ്തുക്കളുടെ മുഖ്യ പ്രായോജർ പണക്കാരായതുകൊണ്ട് അവയിലാണ് കൂടുതൽ ലാഭവിഹിതമുള്ളത്. ഇത്, ആർഭാട വസ്തുക്കൾഉൽപ്പാദിപ്പിക്കാനുള്ള അവശ്യവസ്തുക്കളുടെ സ്രോതസ് പിടിച്ചെടുക്കാൻ ആവശ്യമായ തോക്കുകളുടെ ഉൽപ്പാദനം കൂട്ടുന്നു. ആർഭാടവസ്തുക്കളുടെയും നശീകരണ വസ്തുക്കളുടെയും ഉൽപ്പാദനം ഒരുപാട് ഊർജ്ജം ആവശ്യപ്പെടുന്നതാണ്. നേരിട്ടോ അല്ലാതെയോ അവയ്ക്ക് ഫോസിൽ ഇന്ധനം ആവശ്യമുള്ളതുകൊണ്ട് ഹരിതവാതകങ്ങളുടെ മുഖ്യപ്രതികളാണിവ. അധിക ഊർജ്ജത്തിനുള്ള ആവശ്യം മത്സരങ്ങൾ കൂട്ടാനും രാജ്യങ്ങൾ തമ്മിലും പ്രസ്ഥാനങ്ങൾ തമ്മിലും ഉള്ള തർക്കങ്ങളിലേക്കും വഴിതെളിക്കുന്നു.

(തുടരും)